പതിനഞ്ചാം കേരളനിയമസഭ
പത്താം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
13-02-2024

ധനകാര്യം

ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ട രേഖകൾ സമർപ്പിക്കാത്തതും ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തതും സംബന്ധിച്ച്

2024 ഫെബ്രുവരി 13-ാംം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുൻപ് , കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47(1) അനുസരിച്ച് സഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചോദ്യോത്തര ദിവസത്തിന്റെ തൊട്ടുതലേദിവസം 5 മണിക്കുമുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും എന്നാൽ നടപ്പ് സമ്മേളന കാലയളവിൽ 30-01-2024-ന് സഭയിൽ മറുപടി ലഭ്യമാക്കേണ്ട നക്ഷത്രചിഹ്നമിടാത്ത 199 ചോദ്യങ്ങൾക്കും ആറ്, ഏഴ്, എട്ട് സമ്മേളനങ്ങളിലെ നാനൂറോളം ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും മീഡിയം ടേം ഫിസ്കൽ പോളിസി സംബന്ധിച്ച ഡോക്യുമെന്റും കിഫ്ബിയുടെ ധനാഗമ-വിനിയോഗ സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും (ഫിഡലിറ്റി സർട്ടിഫിക്കറ്റ്) 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കാത്തത് FRBM ആക്ടിന്റെയും കിഫ്ബി നിയമത്തിന്റെയും വയലേഷനാണെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

നടപ്പ് സമ്മേളന കാലയളവിൽ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാനായി അനുവദിച്ചിരുന്ന 30-01-2024, 13-02-2024 എന്നീ ദിവസങ്ങളിലെ നക്ഷത്രചിഹ്നമിട്ട എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും ബജറ്റ് അവതരിപ്പിക്കുന്ന

സമയമായതുകൊണ്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടതിനാലാണ് നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ സാധിക്കാതിരുന്നതെന്നും അവയ്ക്കുള്ള മറുപടി എത്രയുംവേഗം ലഭ്യമാക്കുന്നതാണെന്നും ഭരണപരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാലാണ് രേഖകൾ ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കാൻ സാധിക്കാതിരുന്നതെന്നും ഭാവിയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് വാർഷിക റിപ്പോർട്ട് പ്രത്യേകം പ്രിന്റ് ചെയ്യുന്നതിനും ഫിഡലിറ്റി സർട്ടിഫിക്കറ്റ് പ്രത്യേകം തയ്യാറാക്കി യഥാസമയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3(8) പ്രകാരം സഭയിൽ സമർപ്പിക്കേണ്ട കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും ഫെബ്രുവരി 5-ാം തീയതി സഭയിൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിനോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കാത്തത് പ്രസ്തുത നിയമത്തിന്റെ ലംഘനമാണെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട നക്ഷത്രചിഹ്നമിടാത്ത നിരവധി ചോദ്യങ്ങൾക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ഇത് സഭയോട് കാണിക്കുന്ന അനാദരവാണെന്നും ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നങ്ങളിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ വളരെ വിശദമായിത്തന്നെ ചെയർ പരിശോധിച്ചു.

കിഫ്ബിയുടെ ധനാഗമ-വിനിയോഗ സ്റ്റേറ്റ്മെന്റും ഫിഡലിറ്റി സർട്ടിഫിക്കറ്റും

+.

ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കണമെന്നാണ് The Kerala Infrastructure Investment Fund Act-ലെ സെക്ഷൻ 3(8)-ൽ നിഷ്കർഷിക്കുന്നത്. സഭാ നടപടിചട്ടം 166 ബി (3) പ്രകാരം കിഫ്ബിയുടെ 2022-23-ലെ വാർഷിക റിപ്പോർട്ട് 2023 ഡിസംബർ 31-ന് മുമ്പാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതെന്നും അതിനുശേഷമാണ് സഭയിൽ വയ്ക്കുന്നതെങ്കിൽ കാലതാമസമുണ്ടായത് സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കിഫ്ബിയെ സംബന്ധിക്കുന്ന വ്യത്യസ്ത നിയമവ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത സന്ദർഭങ്ങളിലും വ്യത്യസ്ത രീതിയിലും സഭയിൽ സമർപ്പിക്കേണ്ട രണ്ടുരേഖകൾ ഒരുമിച്ച് പ്രിന്റ് ചെയ്താണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത്. ഇക്കാര്യം നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ധനകാര്യ വകുപ്പിനെ മുൻകൂട്ടി അറിയിച്ചിരുന്നെങ്കിലും ഈ അപാകത പരിഹരിക്കാൻ യഥാസമയം നടപടി സ്വീകരിക്കാത്തതിനാലാണ് മേൽപ്പറഞ്ഞ രണ്ട് രേഖകളും സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നാണ് കാണുന്നത്. ഈ സാഹചര്യത്തിൽ ഇനി മേലിൽ കിഫ്ബിയുമായി ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടും ഫിഡലിറ്റി സർട്ടിഫിക്കറ്റും പ്രത്യേകം തയ്യാറാക്കി കാലതാമസം കൂടാതെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. അതുപോലെ ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ടിയിരുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് നടപ്പ് സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കണം.

15-ാം കേരള നിയമസഭയുടെ 1 മുതൽ 9 വരെയുള്ള സമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട 3199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 2943 ചോദ്യങ്ങൾക്ക് ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇനിയും 256 ചോദ്യങ്ങൾക്കും സഭയുടെ നടപ്പുസമ്മേളനത്തിലെ ആകെയുള്ള 199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം 47 പ്രകാരം ചോദ്യോത്തര ദിവസത്തിന്റെ തൊട്ടുതലേദിവസം 5

മണിക്കുമുമ്പായി അവ ലഭ്യമാക്കേണ്ടതാണ്, പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമാണ് ഉപചട്ടം (2)-ൽ പരാമർശിക്കുന്ന 15 ദിവസത്തെ കാലദൈർഘ്യത്തിന് അർഹത വരുന്നത്. ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ ഉപചട്ടം (2)-ന്റെ പിൻബലം സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനോട് ചെയർ യോജിക്കുന്നില്ല. നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനെതിരെ മുൻകാലങ്ങളിൽ ചെയറിൽനിന്നും നിരന്തരം റൂളിംഗ് ഉണ്ടായിട്ടുള്ളതിന്റെ ഫലമായി ഇക്കാര്യത്തിൽ ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ട്. സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ 17 മന്ത്രിമാർ തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽത്തന്നെ മറുപടി നൽകിയിട്ടുണ്ട്. അതുപോലെ സഭയുടെ നടപ്പുസമ്മേളനത്തിൽ 12 മന്ത്രിമാർ ഇതിനകം എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നല്ല മാതൃക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും സ്വീകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും എത്രയും പെട്ടെന്ന് മറുപടി നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു."